# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-22/2228/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-22/2228/2023 തീയ്യതി: 01/11/2023

## മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-12-2022 മുതൽ 19-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ
2.ശ്രീ.ഷാജഹാൻ ഖുറൈശി,അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ.സന്തോഷ് പി ടി,അസി.ഓഡിറ്റ് ഓഫീസർ
4.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഉമ്മുകുൽസു ചക്കച്ചൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബബിത പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉഷാദേവി | വി.ഇ.ഒ | 01-04-2022 | 30-04-2022 |
| ശ്രീ. രാജു | വി.ഇ.ഒ | 01-05-2022 | 31-03-2023 |
| ശ്രീ. ജിതേഷ് എസ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ദിലീപ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി. സൈനബ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. കണ്ണൻ കെ.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 21-07-2022 |
| ഡോ. സൈഫുദ്ദീൻ | വെറ്ററിനറി സർജൻ | 22-07-2022 | 31-03-2023 |
| ഡോ. നസ്റിൻ എം | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈലജ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 18-01-2023 |
| ശ്രീമതി.സബീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 19-01-2023 | 31-03-2023 |
| ശ്രീ. രാജീവ് പി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. റുമീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

-

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പെൻഷൻ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 18 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 19 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 1-13 |
| 20 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 21 | ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല | 1-15 |
| 22 | ഇ ടെണ്ടർ - ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല | 1-16 |
| 23 | വ്യാപാര സ്ഥാപനങ്ങൾ- ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു | 1-17 |
| 24 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ | 1-18 |
| 25 | പഞ്ചായത്ത് ഓഫീസ് നവീകരണം -അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-19 |
| 26 | ആദായ നികുതി ഇനത്തിൽ 1% TDS ഈടാക്കി അടവാക്കിയില്ല | 1-20 |
| 27 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-21 |
| 28 | പരിരക്ഷാ പദ്ധതി- അപാകതകൾ | 1-22 |
| 29 | അതിദരിദ്രർക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല. | 1-23 |
| 30 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയില്ല. | 1-24 |
| 31 | വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകതകൾ | 1-25 |

| | | |
|---|---|---|
| 32 | സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- അപാകതകൾ | 1-26 |
| 33 | ലൈഫ് ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിക്കണം | 1-27 |
| 34 | ഹരിതകർമ്മസേനയുടെ പ്രവർത്തനം ഒരു അവലോകനം | 1-28 |
| 35 | മഴവെള്ള സംഭരണി നിർമ്മാണം-അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് | 1-29 |
| 36 | വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമായില്ല. | 1-30 |
| 37 | എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.7.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 03-07-2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: ഡെപ്യൂട്ടി ഡയറക്ടർ,

തീയതി: ജില്ലാ ഓഡിറ്റ്

കാര്യാലയം,

മലപ്പുറം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 11692671/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 91,43,513/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെട്ടു ന്നില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-4 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷന് പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. തുടർ മാസങ്ങളിലെ റീകൺസിലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-5 ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ലൈസൻസ് ,ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, ഡിമാന്റ് രജിസ്റ്ററുകൾ തുടങ്ങിയവയിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-6 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| Professional Tax For Employee (Collection) | 2559750 | 2544880 |
| Professional Tax For Traders | 365200 | 386600 |
| Professional Tax For Institution | വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല | 95010 |

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1 (1) , 31/03/2022 | 1(1) , 28/02/2023 |

## 1-3 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16755717 | 16755717 | 16399764 | 355953 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4502746 | 4502746 | 4502174 | 572 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6466700 | 6466700 | 5467848 | 998852 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5607000 | 5607000 | 5607000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 5866308 | 5866308 | 4504337 | 1361971 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 3081528 | 3081528 | 2832633 | 248895 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഇനം | തുക |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 35848708 |
| വരവ് | 149520446 |
| ആകെ | 185369154 |
| ചെലവ് | 140376933 |
| നീക്കിയിരിപ്പ് | 44992221 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 202 | 152777567 | 160 | 70656586 | 41 | 1 | 79% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1372339 | 1032925 | 2405264 | 1340483 | 1064781 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10452661 | 10452661 | 10452661 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 3176200 | 289 |
| വിധവാപെൻഷൻ | 13434400 | 1235 |
| വാർദ്ധക്യകാലപെൻഷൻ | 20611600 | 1949 |
| വികലാംഗപെൻഷൻ | 5323000 | 487 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള വിധവകൾക്കുള്ള സഹായം | 908800 | 81 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 ന് 2.10 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2898/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2.തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല.

3.തെരുവ് വിളക്കുകളുടെ പരിപാലനം നിരീക്ഷിക്കുന്നതിന് കൃത്യമായ സംവിധാനമില്ല. തെരുവ് വിളക്കുകളുടെ ലൊക്കേഷൻ, എണ്ണം, ഇനം എന്നിവ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആന്വൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

5. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലും ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം പരിഹാര നടപടികൾ കൈകൊള്ളുന്നതിലും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും കൂടുതൽ ഊർജ്ജിതമായ നടപടികൾ ഉണ്ടാവേണ്ടതുണ്ട്.
6 വെറ്റിനറി സർജൻ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർ സി എച്ച്സി, ഹോമിയോ മെഡിക്കൽ ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രൊജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7 ആശുപത്രികളിലേക്ക് മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/11/2022 | 01/03/2022 TO 31/05/2022 | 23/11/2022 |
| എ.ജി ഓഡിറ്റ് | 28/11/2009 | 2004 TO 2009 | 11/01/2010 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 15 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് |
|---|---|---|
| Property Tax | 6900000 | 5432286 |
| Profession Tax | 3600000 | 2544880 |
| Licence Fees | 2,50,000 | 135650 |
| Building Permit | 1,27,000 | 200505 |

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 23.06.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 08.09.2023 ലെ 2/4 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച വരികയും ചെയ്യുന്നുണ്ട്

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും,

പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ് .

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ റേഷൻ കടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്. എന്നാൽ റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 135650/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റുമായി താരതമ്യം ചെയ്യുമ്പോൾ പല വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 2/22-23 തീയതി : 20.09.2023)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സര പദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ 10181205 രൂപയുടെ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 79/2017 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | KWA | 4,00,000 | CFC | 0 | 4,00,000 |
| 2 | 88/2017<br>കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (SC) | 2016-17 | KWA | 4,90,000 | SCP | 0 | 4,90,000 |
| 3 | 187/2017<br>അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 2016-17 | KWA | 1,00,000 | വികസന ഫണ്ട് | 0 | 1,00,000 |
| 4 | 194/2017<br>കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ രണ്ടാം ഘട്ടം | 2016-17 | KWA | 9575<br>675425 | PLAN -G<br>CFC | 0 | 9575<br>675425 |
| 5 | 47/2018<br>പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | KWA | 615250 | SCP | 0 | 615250 |
| 6 | 214/2018<br>കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | KWA | 1170000 | CFC | 0 | 1170000 |
| 7 | 215/2019<br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തുക അടവാക്കൽ | 2018-19 | KSEB | 40000 | CFC | 0 | 40000 |
| 8 | 2/2019<br>കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2018-19 | KWA | 3561653<br>3,00,000 | CFC<br>Own Fund | 0 | 3561653<br>3,00,000 |
| 9 | 61/2019<br>പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2018-19 | KWA | 1161500 | SCP | 9,00,000 | 261500 |
| 10 | 104/2019 | 2018-19 | KWA | 80,000 | CFC | 0 | 80,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ | | | 150,000 | MGNREGS | | 150,000 |
| 11 | 86/2020 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 5520 1117480 | PLAN G CFC | 1117480 | 5520 |
| 12 | 146/2020 പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2019-20 | KWA | 44000 | SCP | 0 | 4,40,000 |
| 13 | 193/2020 സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തുക അടവാക്കൽ | 2019-20 | KSEB | 62396 50000 | CFC Own Fund | 0 | 50000 |
| 14 | 219/2020 സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ | 2019-20 | KSEB | 181999 | Plan -G | 0 | 181999 |
| 15 | 129/2021 സമ്പൂർണ്ണ വൈദ്യുതീകരണം വൈദ്യുതി ലൈൻ നീട്ടൽ | 2020-21 | KSEB | 62396 | CFC | 0 | 62396 |
| 16 | 128/2021 എസ്.സി.കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ | 2020-21 | KWA | 9,50,000 | SCP | 0 | 9,50,000 |
| 17 | 33/2022 പാലാംകുന്ന് ഐശ്വര്യ പരവക്കൽ കുടിവെള്ള പദ്ധതികൾക്ക് സ്ഥാപന വിഹിതം | 2021-22 | KWA | 352200 | CFC | 74313 | 277887 |
| | | | | | | ആകെ | 1,01,81,205 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 01/20-09-2023 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-13 പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ, ശ്രീ. സൈനബ, ചക്കച്ചൻ എന്നവർക്ക് പുഴക്കാട്ടിരി പഞ്ചായത്ത്, പുഴക്കാട്ടിരി വില്ലേജ് സ.നം. 51/3-10 സ്ഥലത്ത് ആകെ 303.82ച.മീ വിസ്തീർണ്ണമുള്ള വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് A3-BA(240722)/22 Dtd 21.07.2022 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 296.06 ച മീ വിസ്തീർണം പരിഗണിച്ചാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. നോട്ട് ഫയലിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 303.82 ച മീ ആണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി (നം.5/22-23 തിയ്യതി : 23.09.2023) ക്ക് അധികരിച്ച അളവിന്റെ ഫീസ് അടവാക്കുന്നതിന് അപേക്ഷന് അറിയിപ്പ് നല്കുന്നതുമാണെന്ന് മറുപടി നല്കി. കെട്ടിടത്തിനോട് അനുബന്ധിച്ചുള്ള 7.76 M2 വിസ്തീർണമുള്ള വരാന്തയുടെ അളവ് വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | കുറിപ്പ് |
|---|---|---|---|---|---|
| 1 | മൊയ്തീൻ, നെടുവഞ്ചേരി 8/68/C | (വാണിജ്യം) 18.33 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല) 495 25LC | (18.33x30)+20% (road) - 10% (മേഖല)=605 31 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| 2 | മറിയം ചക്കച്ചൻ 618/C 618/D | 618/C (വാണിജ്യം) 86.71 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല 2342+118 LC | (86.71x30)+20% (road) - 10% (മേഖല) 2862+ 143LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 618/D (വാണിജ്യം) 125 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല 5344+268 | (125x30)+20% (road) - 10% (മേഖല) 4125 +206 LC | |

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/22-23 തിയ്യതി: 25.09.2023 ക്ക് മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഫോറം 6 സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം II പ്രകാരം കെട്ടിട ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയുമായ വസ്തുനികുതി റിട്ടേൺ ഫോറം-2 സമർപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ നമ്പറിംഗ് ഫയലുകളിൽ ആയത് സൂക്ഷിക്കുന്നതായി കാണുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ഫയൽ നം. തിയ്യതി | ഉടമയുടെ പേര് |
|---|---|
| 1048/2022 Dtd 10.06.2022 | മൊയ്തീൻ എൻ, നെടുവഞ്ചേരി |

അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നം. 10/22-23 തി: 25.09.2023 ന് കെട്ടിട നമ്പർ അനുവദിച്ച അപേക്ഷകരിൽ നിന്നും ഫോറം 2 വാങ്ങി ഫയലുകളിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടി നല്കി. കെട്ടിടത്തിന്റെ നമ്പറിംഗ് ഫയലുകളിൽ കെട്ടിടനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ - ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല

2022-23 വർഷത്തിൽ 64 പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ടെണ്ടർ ഫോറത്തിന്റെ വിലയായി 104261 രൂപ ലഭ്യമാക്കാനുണ്ട്. നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം 25തി.30.9.2023) തുക തിരികെ ലഭ്യമാക്കാൻ 20.6.23 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വ്യാപാര സ്ഥാപനങ്ങൾ- ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232, 233 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, മറ്റു വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 1 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2021-22, 2022-23 വർഷത്തെ ട്രെഡേഴ്സ് ലിസ്റ്റുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്ത പല വ്യാപാര സ്ഥാപനങ്ങളും 2022-23 വർഷത്തിൽ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|
| പറോട്ടിൽ ഫെർട്ടിലൈസേഴ്സ്, കടുങ്ങപുരം | വിനോദ് കൃഷ്ണൻ | 500 |
| N. R ബേക്കറി , രാമപുരം | നെല്ലിശ്ശേരി ഹംസ | 500 |
| V K M സ്റ്റോർസ് പുഴക്കാട്ടിരി | അബ്ദുൾ ജബ്ബാർ | 500 |
| അമാന ടൊയോട്ട പനങ്ങാങ്ങര | ശ്രീകുമാർ | 45000 |
| സ്വപ്നം യൂണിറ്റ് , പുഴക്കാട്ടിരി | പാത്തുമ്മ ചോലശ്ശേരി | 500 |
| റോയൽ സോഫ & കർട്ടൺ പുഴക്കാട്ടിരി | അബ്ദുൾ റസാഖ് | 500 |
| റെയ്ൻബോ പെയിന്റ്സ് രാമപുരം | മുഹമ്മദ് റഷീദ് എൻ | 500 |
| ഹണി ഇലക്ട്രോണിക്സ്, രാമപുരം | ഷിജു പി, ചെരക്കാ പറമ്പ് | 300 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ .12/2022-23/ 26.09.2023 ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് എടുക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ

പ്രൊജക്ട് : വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.സി.)

നം : S0187/2023

അടങ്കൽ- 6,00,000 (SCP)

BRN : 22151152030700885240/09-12-2022 : 1,30,000
BRN : 22151152030701129009/01-02-2023 : 80,000

1. അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകിയതിൽ സ.ഉ(കൈ) 115/2022/തസ്വഭവ തി.28-05-2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്നതിലും അധികം നൽകിയിട്ടുണ്ട് .

| ക്രമ നം. | പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | അഖിൽ കൃഷ്ണ എൻ | സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ മലബാർ പോളിടെക്നിക് കോളേജ്, കോട്ടക്കൽ | 25,000 | 20,000 | 5,000 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുക ഈടാക്കി അറിയിക്കുന്നതാണ് എന്ന് 15/27-9-23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-19 പഞ്ചായത്ത് ഓഫീസ് നവീകരണം -അപാകതകൾ പരിഹരിക്കേണ്ടതാണ്

പ്രൊജക്ട് : പഞ്ചായത്ത് ഓഫീസ് നവീകരണം

നം : S0172/2023

അടങ്കൽ- 10,00,000 (തനത് ഫണ്ട്)

വൗച്ചർ നം. 22201163/31-03-2023 : 8,50,349 (+ IT : 15,052 GST : 15,052 WF : 7526)
ടാക്സ് ഇൻവോയ്സ് നമ്പർ. KKD/325/17-02-2023 : 887979

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഓഫീസ് നവീകരണ പ്രവ്യത്തികൾ നടത്തിയതിന്റ തുകയായി നിയമപരമായ കുറവുകൾക്ക് ശേഷം 8,50,349 രൂപ ആർട്ട്കോ ലി. കോഴിക്കോടിന് നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം വാങ്ങിയ വാൾ ഫാൻ- 6, റിവോൾവിംഗ് ചെയർ-4, സീലിംഗ് ഫാൻ-4, ഫൈബർ ചെയർ-28 എന്നീ ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

2. സർക്കുലർ നം.എ.സി-3/163/2017/തസ്വഭവ/01-08-2018 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവ്യത്തികകളുടെ സൂപ്പർ വിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മേൽ Internal Furnishing പ്രവ്യത്തികളുടെ Valuation നടത്തുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. 16/27-9-23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ആദായ നികുതി ഇനത്തിൽ 1% TDS ഈടാക്കി അടവാക്കിയില്ല

ആദായ നികുതി നിയമം സെക്ഷൻ 194C പ്രകാരം , വാഹന വാടക ഇനത്തിൽ (Transportation Contract) അനുവദിക്കുന്ന തുക (Single Payment) 30,000 രൂപക്ക് മുകളിലോ , ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിലോ ആണെങ്കിൽ ആദായ നികുതി ഇനത്തിൽ 1% TDS ഈടാക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ S0 177/2023-ാം നമ്പർ പ്രൊജക്ട് പ്രകാരം ബഡ്സ് സ്കൂളിലേക്കുള്ള വാഹന വാടക ഇനത്തിൽ താഴെക്കാണും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ഇൻകം ടാക്സ് TDS ഈടാക്കി അടവാക്കിയിട്ടില്ല.

| വൗച്ചർ/ബിൽ നം. | അനുവദിച്ച തുക |
|---|---|

| | |
|---|---|
| 22200604/03-11-2022 | 42000 |
| 22200175/29-06-2022 | 14400 |
| 22200160/24-06-2022 | 1400 |
| 22200229/15-07-2022 | 50000 |
| 22200265/01-08-2022 | 44000 |
| 22200405/01-09-2022 | 44000 |
| 22200508/11-10-2022 | 34000 |
| 22151152030701354049/15-03-2023 | 44000 |
| 22200604/03-11-2022 | 42000 |
| 22201203/31-03-2023 | 14000 |
| 22151152030701513272/28-03-2023 | 37120 |
| ആകെ | 366920 |

ആദായ നികുതി ഇനത്തിൽ 1% TDS ഈടാക്കി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. 24/29-9-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200046/18-05-2022<br>22200847/07-02-2023<br>22200928/20-02-2023 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക | 73648<br>58379<br>99733 | രശീതി |
| 2 | 222011177/31-03-2023 | സ്ഥലം മാറി വന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത ഫെസ്റ്റിവൽ അഡ്വാൻസ് തുക അതാത് ഗ്രാമ പഞ്ചായത്തുകളിലേക്ക് നൽകിയത് | 32000 | രശീതി |
| 3 | 22200473/28-09-2022 | പ്രൊജക്ട് നം. S0095/2023 | 2,65,000 | രശീതി, വിനിയോഗ |

| | | | | |
|---|---|---|---|---|
| | | ഡി.പി.ആർ.സി. കെട്ടിട നിർമ്മാണം- വിഹിതം നൽകൽ പദ്ധതിക്കായി DDPക്ക് നൽകിയ തുക | | സാക്ഷ്യപത്രം |
| 4 | 22200919/17-02-2023 | ശുചിത്വമിഷൻ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് നൽകിയ വിഹിതം | 10,000 | രശീതി |
| 5 | 22200894/13-02-2023 | തദ്ദേശദിനം 2023 ന് പ്രിൻസിപ്പൾ ഡയറക്ടർ LSGDക്ക് നൽകിയ വിഹിതം | 30,000 | രശീതി |
| | | ആകെ | 5,68,760 | |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 5,68,760 രൂപ തടസ്സം ചെയ്യുന്നു. 20/27-9-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-22 പരിരക്ഷാ പദ്ധതി- അപാകതകൾ

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം വേണ്ടി വരുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് പരിരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ പരിരക്ഷാ പദ്ധതിക്കായി താഴെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 67/22-23 പരിരക്ഷ പദ്ധതി |
| ആകെ അടങ്കൽ | 3,80,000രൂപ വികസന ഫണ്ട്<br>50,000 രൂപ തനത് ഫണ്ട്<br>2,50,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 3,46,470 രൂപ വികസന ഫണ്ട്<br>13,000 രൂപ തനത് ഫണ്ട്<br>2,35,503 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി<br>പുഴക്കാട്ടിരി |

സ.ഉ (സാധ)നം 553/19 തസ്വഭവ തി. 7.3.19 പ്രകാരം പാലിയേറ്റീവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്

1 മേൽ ഉത്തരവ് ഖ.2.2പ്രകാരം ദീർഘകാലപരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ രേഖപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2 മേൽ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റീവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനുട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3 മേൽ ഉത്തരവ് 2.8ബി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ ആരോഗ്യ സ്ഥാപനങ്ങളിലോ വാഹനം ലഭ്യമല്ലെങ്കിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതിനായി മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത വാഹനം എടുക്കേണ്ടതുമാണ്. ക്വട്ടേഷൻ പി എം സി അംഗീകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4 പരിരക്ഷാ പദ്ധതിയുടെ ഭാഗമായി ക്വട്ടേഷൻ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഡ്രൈവർ ശ്രീ വിശ്വനാഥന് പരിരക്ഷാ

രോഗികളുടെ ഭവനസന്ദർശനത്തിന് വേണ്ടി ട്രിപ്പ് ഓടിയതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

വണ്ടി നമ്പർ KL 53C6080

| ബിആർഎൻ നമ്പർ/തിയതി | അനുവദിച്ച തുക | മാസം |
|---|---|---|
| 22151152028000236783 /24.6.22 | 31,020 | ഏപ്രിൽ,മെയ് |
| 221511520287000318192/16.7.22 | 15,980 | ജൂൺ |
| 221511552028000439581/22.8.22 | 15,980 | ജൂലൈ |
| 22151152028000556560/20.9.22 | 15,040 | ആഗസ്റ്റ് |
| 22151152028000626131/10.10.22 | 15,040 | സെപ്റ്റംബർ |
| 221511520287000772765/14.11.22 | 15,040 | ഒക്ടോബർ |
| 221511520280000701367/13.12.22 | 15,980 | നവംബർ |
| 22151152028001008861 /7.1.23 | 15,040 | ഡിസംബർ |
| 22151152028001165176/9,2,23 | 150,40 | ജനുവരി |
| 22151152028001366392 /16.3.23 | 14,100 | ഫെബ്രുവരി |
| 22151152028001406141 / 20.3.23 | 15,040 | മാർച്ച് |
| ആകെ | 1,83,300 | |

ആദായനികുതി നിയമം സെക്ഷൻ 194 C പ്രകാരം 1,00,000 രൂപയ്ക്ക് മുകളിലുള്ള ട്രാൻസ്പോർട്ട് കോൺട്രാക്റ്റിന് 1% ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. 1 % ആദായനികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5 പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിനായി 1,13,277 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ബി ആർ എൻ നമ്പർ 22151152028001235455/23.2.23

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ / തിയതി | സ്ഥാപനം | അടവാക്കിയ തുക |
|---|---|---|---|
| 1 | 20659/ 2.2.23 | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 3277 |
| 2 | PRF4435/13.2.23 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 1,10,000 |
| | ആകെ | | 113277 |

മരുന്നുകൾ ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു

ക്രമനമ്പർ 1 എല്ലാ മരുന്നുകളും ലഭ്യമായിട്ടുണ്ട്

ക്രമനമ്പർ 2 താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ഇൻവോയ്സ് നമ്പർ/തിയതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| 14431/28.7.23 | 3676 |
| 11089/30.6.23 | 10338 |
| 9453/16.6.22 | 47754 |
| ആകെ | 61,768 |

ക്രമനമ്പർ 2 പ്രകാരം 48,232 (1,10,000-61,768) രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

6 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നമ്പർ7/25.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-23 അതിദരിദ്രർക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല.

അതിദരിദ്രർക്ക മരുന്നുകൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ പണം മുൻകൂർ അടവാക്കിയിട്ടുണ്ട്.

| വർഷം | 2022-23 |
|---|---|
| പ്രൊജെക്ട് നമ്പർ/പേര് | 247/22-23 അതിദരിദ്രർക്ക മരുന്ന വാങ്ങി നൽകൽ |
| ആകെ അടങ്കൽ | 2,00,000രൂപ തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 2,00,000 രൂപ തനത് ഫണ്ട്<br>ചെക്ക് നമ്പർ 6784177/28.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി<br>പുഴക്കാട്ടിരി |

അതി ദരിദ്ര കുടുംബങ്ങളിലെ വിവിധ രോഗങ്ങൾ ഉള്ളവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും 2,00,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്.

പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF5689/24.3.23

മരുന്നുകൾ ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 8/25.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയില്ല.

ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം പണം മുൻകൂറായി ഹോംകോയിൽ അടവാക്കിയിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 31/22-23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| ആകെ അടങ്കൽ | 2,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 2,00,000രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ്<br>ബി ആർ എൻ നമ്പർ<br>221511520282011555593/8.2.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് താഴെ പറയും പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റിവ് ഫാർമസി ആലപ്പുഴയിൽ താഴെ പറയും പ്രകാരം തുക അടവാക്കുകയും മരുന്ന് ഭാഗികമായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| അടവാക്കിയ തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തിയതി |
|---|---|
| 2,00,000 | 7435/13.4.22 |

മരുന്ന വാങ്ങുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായതായി കാണുന്നു.

| ലഭ്യമായ മരുന്നിന്റെ വില | ഇൻവോയ്സ് നമ്പർ/ തിയതി | ലഭ്യമാകുവാൻ അശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|
| 63,427 | LF1161/25.8.23 | 1,36,573 |

അവശേഷിക്കുന്ന 1,36,573 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 3/22.9.22പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 1-25 വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകതകൾ

ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ഒരു വർഷത്തേക്കുള്ള ആവശ്യകത കണക്കാക്കി ഒന്നിച്ച വാങ്ങണമെന്ന് ജി ഒ(പി)നം 259/2010 തി. 8.11.10 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ നിർവഹണ ഉദ്യാഗസ്ഥൻമാർ വ്യത്യസ്തമായ രീതിയിൽ വാട്ടർ പ്യൂരിഫയർ തങ്ങളുടെ സ്ഥാപനങ്ങളിലേക്ക് വാങ്ങിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ 1 ഹോമിയോ ആയുർവേദ ആശുപത്രികളിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ

ഹോമിയോ, ആയുർവേദ ആശുപത്രികളിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായി ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 243/22-23 ഹോമിയോ ആയുർവേദ ആശുപത്രികളിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ |

| | |
|---|---|
| ആകെ അടങ്കൽ | 1,00,000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 97,201രൂപ<br>ചെക്ക് നമ്പർ 701099 /24.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ പ്രൊജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ബേപ്പൂരിൽ നിന്നും താഴെ പറയും പ്രകാരം 2 വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയിട്ടുണ്ട്. (വൗച്ചർ നമ്പർ 22201101 /24.3.23)
(ഇൻവോയ്സ് നമ്പർ. SBUB/22-23/UR/037 Lr/ തീയതി, 14-3-23)

| വാട്ടർ പ്യൂരിഫയറുകളുടെ എണ്ണം | വില | ആകെ വില | CGST | SGST | സെന്റേജ് ചാർജ് | ജി.എസ്.ടി സെന്റേജ് | ആകെ വില |
|---|---|---|---|---|---|---|---|
| 2 | 38136 | 76,272 | 6864.48 | 6864.48 | 6101.75 | 1098.32 | 97201 |

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 9.2.23 ലെ 2/ 1 തീരുമാനപ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

മേൽ പ്രൊജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ജിഒ(പി) നമ്പർ 7/2019/എസ് പി ഡി തി. 26.4.19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും ജെം മുഖേന സമാഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് ക്വട്ടേഷൻ നടപടിയിലൂടെ സിൽക്കിൽ നിന്നും പർച്ചേസ് ചെയ്തിട്ടുള്ളത്.

2 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം സമർപ്പിച്ച ജി ഒ (പി) നം 104/2022/ഫിൻ തി. 2.9.22 ഉത്തരവിൽ സ്റ്റീൽ ഇൻസ്ട്രീസ് കേരള ലിമിറ്റഡിനെ വാട്ടർ പ്യൂരിഫയർ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ല.

3 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
4 സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് സമർപ്പിച്ച ഇൻവോയ്സിൽ സെന്റേജ് ചാർജ്, ജി.എസ്.ടി. ചാർജിനത്തിൽ 6101.75+1098.32=7200 രൂപ ഈടാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2 ലും മറ്റ് പർച്ചേസുകളിലും പ്രസ്തുത ചാർജ് ഈടാക്കിയിട്ടില്ല. മേൽ തുക സിൽക്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

5 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 4/22.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക 97201 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

<u>ക്രമനമ്പർ 2 മൃഗാശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ</u>

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി മൃഗാശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | 2022-23 |
|---|---|
| പ്രൊജെക്റ്റ് നമ്പർ/പേര് | 242/22-23 വെറ്റിനറി ആശുപത്രികളിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ |
| ആകെ അടങ്കൽ | 50,000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 49,000രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മേൽ പ്രൊജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ബേപ്പൂരിൽ നിന്നും താഴെ പറയും പ്രകാരം ഒരു വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്.(ബിആർഎൻ നമ്പർ 22151152028101170126/10.2.23)
ഇൻവോയ്സ് നമ്പർ. SILK F40/4R/711/തീയതി, 19-1-23

| വാട്ടർ പ്യൂരിഫയറുകളുടെ എണ്ണം | വില | ആകെ വില | CGST | SGST | സെന്റേജ് ചാർജ് | ജിഎസ്ടിസെന്റേജ് | ആകെ വില |
|---|---|---|---|---|---|---|---|
| 1 | 41525 | 41525 | 3737.25 | 3737.25 | Nil | Nil | 49000 |

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 31.12.22 ലെ 1/1 തീരുമാന പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. മേൽ പ്രൊജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ജിഒ(പി) നമ്പർ 7/2019/എസ് പി ഡി തി. 26.4.19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും ജെം മുഖേന സമാഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് സിൽക്കിൽ നിന്നും പർച്ചേസ് ചെയ്തിരിക്കുന്നത്.

2 സ്റ്റീൽ ഇൻസ്ട്രീസ് കേരള ലിമിറ്റഡുമായി കരാർ വെച്ചതിന്റെ വിശദാംശങ്ങളും വാറണ്ടി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയില്ല.

3 സ്റ്റോക്ക് രജിസ്റ്ററിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച നമ്പർ 6/25.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.
ചെലവ് തുക 49,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങളിലേക്ക് ഒരേ സാധനം ഒന്നിച്ച് പർച്ചേസ് ചെയ്യുമ്പോൾ ഒറ്റ യൂനിറ്റായി കണ്ട് ടെണ്ടർ നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- അപാകതകൾ

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 39/22-23 ഗ്രാമ പഞ്ചായത്ത് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| ആകെ അടങ്കൽ | 3,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 2,97,627 രൂപ<br>ബി ആർ എൻ നമ്പർ 22151152031400715577/1.11.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ഗ്രാമ പഞ്ചായത്തിലെ സർക്കാർ സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിനാണ് പ്രൊജെക്ട് തയ്യാറാക്കിയിട്ടുള്ളത്. ക്വട്ടേഷൻ നടപടിയിലൂടെ ആർട്ട്കോ ലിമിറ്റഡ് മലപ്പുറത്തുനിന്നും താഴെ പറയും പ്രകാരം ബഞ്ചുകളും ഡെസ്കുകളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില | ആകെ വില | CGST | SGST | ആകെ വില |
|---|---|---|---|---|---|---|---|
| 1 | STEEL BENCH WITH CR PIPES AND TOP WITH RUB WOOD<br>180*30*45 CM | 28 | 2796 | 78302 | 7047.18 | 7047.18 | 92396.36 |
| 2 | STEEL PLAIN DESK WITH CR PIPES AND RW TOP 180*40*65/75CM | 28 | 4068 | 113904 | 10256.31 | 10256.31 | 134406.72 |
| 3 | COMPACT DUAL DESK AND BENCH WITH WOODEN TOP BACK REST AND SHELVES SIZE 90*90*75 CM SEAT 30 CM ,DESK WIDTH 40 CM | 10 | 6002 | 60020 | 5401.80 | 5401.80 | 70823.60 |
| | ആകെ | | | | | | 2,97,627 |

മേൽ പ്രൊജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1 ജി.ഒ(പി) നമ്പർ. 259/2010/തസ്വഭവ. തീയതി, 8-11-2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം മതിപ്പുവില തുക 1,00,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വ്യാപക പ്രചാരണമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും

പരസ്യം നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് മേൽ പർച്ചേസ് നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസ് ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ ഫയലിൽ ഇല്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ, പർചേയ്സ് സംബന്ധിച്ച കാര്യങ്ങളിൽ പാലിക്കപ്പെട്ടിട്ടില്ല.

2 കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണ്. മേൽ വ്യവസ്ഥയിൽ ഇളവ് നൽകി ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയുടെ വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രമെ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാവൂ, അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

3 2022-23 വർഷം ARTCOയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ . വില എന്നിവ വ്യക്തമാക്കി (GO(RT)7/2022/SPD തി. 2.2.22, GO(RT)6/2022/SPD തി. 2.2.22 എന്നീ ഉത്തരവുകൾ പുറപ്പെടുവുച്ചിട്ടുണ്ട്. മേൽ പ്രൊജെക്ടിന്റെ ഭാഗമായി ആർട്ട്ക്കോ മലപ്പുറത്തിന്റെയും ആർട്ട്ക്കോ കോഴിക്കോടിന്റെയും രണ്ട് ഇൻവോയ്സുകളാണ് ഫയലിൽ ഉള്ളത്.(26.9.22 ലെ 3 /2 പഞ്ചായത്ത് തീരുമാനം) മിനിമം രണ്ടു ടെണ്ടറുകൾ വേണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 21/29.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിക്കൊപ്പം ക്വട്ടേഷൻ നോട്ടീസും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ഹാജരാക്കി. അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ടുമാത്രം പർച്ചേസ് നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിക്കണം

പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യമായതുമായ വീടുകൾ ലഭ്യമാക്കുക, സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പടെ എല്ലാ സാമൂഹിക സേവന പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയകളിൽ പങ്കാളിയാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ലൈഫ് രണ്ടാം ഘട്ടത്തിൽ ഭൂരഹിതരുടെ ഭവനനിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭവനനിർമ്മാണവും പുനരധിവാസവും ഉൾപ്പെടുന്നു. ആകെ ഭവനരഹിതരായ ഗുണഭോക്താക്കൾ 190 (154 ജനറൽ 36 എസ് സി), ഭൂമിയില്ലാത്ത ഭവനരഹിതർ 96(66 ജനറൽ 30 എസ് സി) ഗുണഭോക്താക്കളാണ് ലൈഫ് മിഷൻ പദ്ധതിയിൽ നിലവിലുള്ളത്. ഇതിൽ ജനറൽ,പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെടുന്നു.ലൈഫ് ഭവനപദ്ധതിയിൽ ഇതുവരെ(2018-2023) ആകെ 172 പേർക്ക് വീട് ലഭിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് സ.ഉ(എം.എസ്) നം.151/2017/തസ്വഭവ തി.21.7.17പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1 പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം ലൈഫ് ഭവന പദ്ധതിയിൽ താഴെ പറയുന്ന പ്രൊജെക്ടുകൾ പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ആകെ അടങ്കൽ | ആകെ ചെലവ് | എഗ്രിമെന്റ് വെച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതിന്റെ എണ്ണം/വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| 1 | 183/ലൈഫ് ഭവന പദ്ധതി പട്ടികജാതി ലൈഫ് പദ്ധതി 2020 | 18800000 | 3126000 | 22 | 2 | 20 |
| 2 | 186/ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ | 2000000 | 600000 | 3 | 0 | 3 ഗുണഭോക്താക്കളും വീടുപണി ആരംഭിച്ചിട്ടുണ്ട് |
| 3 | 88/ ലൈഫ് ഭവന പദ്ധതി ജനറൽ So ലൈഫ് ഭവനപദ്ധതി2020 | 2100000 | 980000 | 8 | 0 | ഗുണഭോക്താക്കൾക്ക് ഒന്നാംഗഡു നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട് |
| 4 | 89/ ലൈഫ് ഭവന പദ്ധതി പട്ടികജാതി So ലൈഫ് | 15300000 | 11040000 | 22 | 2 | 20 |

| | | | | | | |
|---|---|---|---|---|---|---|
| | ഭവനപദ്ധതി2020 | | | | | |
| 5 | 265/ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അതി ദരിദ്യർക്കു ഭവനനിർമ്മാണം<br>ലൈഫ് ഭവനപദ്ധതി 2020 | 800000 | 80000 | 38 | 4 | 34 |
| 6 | 168/ലൈഫ് ഭവന പദ്ധതി ജനറൽ<br>ലൈഫ് ഭവനപദ്ധതി2020 | 40800000 | 4300000 | 29 | 0 | 25 പേർ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |

2018-19 വർഷത്തിൽ ആരംഭിച്ച ലൈഫ് ഭവനപദ്ധതി ഫേസ് 3 (ഭൂരഹിത ഭവനരഹിതർ)യിൽ ആകെ 15 ഗുണഭോക്താക്കളിൽ 14 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് പണി പൂർത്തീകരിച്ചു.ഒരു ഗുണഭോക്താവ് വീട് പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

എസ് സി അഡീഷണൽ ലിസ്റ്റിൽ(പട്ടിക വകുപ്പിൽ നിന്നും ലൈഫ് മിഷൻ വഴി ലഭിച്ച ഗുണഭോക്താക്കൾ) 37 ഗുണഭോക്താക്കളിൽ 36 ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുകയും ഒരു ഗുണഭോക്താവ് വീട് പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുകയും ചെയ്യുന്നു.
ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ലൈഫ് ഭവനപദ്ധതി-ജനറൽ അപാകതകൾ

1 ഗുണഭോക്താക്കളുമായി ഗ്രാമ പഞ്ചായത്ത് വച്ചിട്ടുള്ള കരാർ ശരിയായി പൂരിപ്പിക്കുകയും രണ്ടാം കക്ഷിയായ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

2 ലൈഫ് ഭവനപദ്ധതിയിൽ സ്റ്റേജ് സർട്ടിഫിക്കറ്റും നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3 വിവിധ ലൈഫ് പ്രൊജെക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 22/29.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.അപാകതകൾ പരിഹരിക്കുമെന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണ പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 ഹരിതകർമ്മസേനയുടെ പ്രവർത്തനം ഒരു അവലോകനം

ആമുഖം

കേരളത്തിലെ നഗര, ഗ്രാമ പ്രദേശങ്ങളെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് മാലിന്യനിർമ്മാർജനം. നിർമ്മിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. അജൈവ മാലിന്യങ്ങൾ വലിച്ചെറിയുന്നത് പരിതസ്ഥിതിക്ക് വലിയ ആഘാതമാണ് ഉണ്ടാക്കുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമായിരിക്കേണ്ടതാണ്. സുസ്ഥിര മാലിന്യനിർമ്മാർജന പദ്ധതികൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരഭമാണ് ഹരിതകർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ് ഹരിത കർമ്മസേനയുടെ ലക്ഷ്യം. കുടുംബശ്രീ മിഷൻ, ശുചിത്വ മിഷൻ ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാകുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

ഹരിത കേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.7.17 ലെ സ.ഉ (സാധ)നം 2420/2017/തസ്വഭവ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.4.18 ലെ10394/D-2017/KSHO നമ്പർ നടപടിക്രമങ്ങളിലൂടെ ഹരിതകർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും 12.8.20ലെ സ.ഉ(സാധ)നം 1496/20 തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗരേഖ അംഗീകരിച്ചതുമാണ്.

അടിസ്ഥാനവിവരങ്ങൾ

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന് 22.66 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 2021 വർഷത്തിലാണ് ആരംഭിച്ചത്. (ഹരിതകർമ്മസേന സംരംഭ രജിസ്ട്രേഷൻ നമ്പർ MLP/056/006/4489) .ഗ്രാമ

പഞ്ചായത്തിലെ ജനസംഖ്യ29886ആണ്. 7702 വീടുകളും 629 കടകളും 35സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തിലുണ്ട്. 17 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 17 സ്ഥിരാംഗങ്ങളാണ് ഹരിത കർമ്മസേനയ്ക്കുള്ളത്. നിലവിൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനം നടക്കുന്നത്. വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50 രൂപയും കടകൾക്ക് 100 രൂപയുമാണ് ഫീസ് ഈടാക്കി വരുന്നത്. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു. ഹരിത കർമ്മസേനയ്ക്കായി കേരള ഗ്രാമീണ ബാങ്ക് പുഴക്കാട്ടിരി ശാഖയിൽ 40245101074419 നമ്പറിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്.

വരുമാനം

മാലിന്യങ്ങൾ വിൽക്കുന്നതിലൂടെയുള്ള വരുമാനവും യൂസർ ഫീ പിരിവിലൂടെ ലഭിക്കുന്ന വരുമാനവുമാണ് ഹരിതകർമ്മസേനയുടെ പ്രധാന വരുമാനം .

ചെലവിന്റെ വിവരങ്ങൾ

2022-23 വർഷത്തിൽ ഹരിതകർമ്മസേനയ്ക്കുവേണ്ടി താഴെ പറയുന്ന പ്രൊജെക്ടുകൾ പ്രകാരമുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ/പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | 176 / ഹരിതകർമ്മ സേന പ്രവർത്തനം, തുടർ നടത്തിപ്പ് | വികസന ഫണ്ട് | 568980 | 568980 | ഹരിതകർമ്മസേന എംസിഎഫ് വാടക. ഹരിത സഹായ സംഘം വാടക, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| | Do | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 777032 | 777032 | Do |
| 2 | 245/സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം, ക്യൂ ആർ കോഡ് സ്ഥാപിക്കൽ | വികസന ഫണ്ട് | 126720 | 126720 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം QR കോഡ് സ്ഥാപിക്കൽ, തുടർ പ്രവർത്തനങ്ങൾ |
| 3 | 204/ പഞ്ചായത്തിലെ എംസിഎഫ് കെട്ടിടത്തിന്റെ വാടക നൽകൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 192000 | 192000 | എംസിഎഫിന്റെ കെട്ടിട വാടക നൽകുന്നതിന് |
| 4 | 203/ഹരിത സഹായ സ്ഥാപനത്തിന് ഫീസ് നൽകൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 320448 | 320448 | ഹരിത സഹായ സ്ഥാപനത്തിന് ഫീസു നൽകുന്നതിന് |

പ്രവർത്തനങ്ങൾ

1) 12.8.20 ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ 1496/2020/തസ്വഭവ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിനാവശ്യമായ എംസിഎഫുകൾക്ക് വാർഡ് തലത്തിൽ കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർഫീറ്റിൽ കുറയാത്ത എംസിഎഫുകൾ നിർമ്മിക്കുകയോ വാടകയ്ക്ക് എടുക്കുകയോ വേണം. ഗ്രാമപഞ്ചായത്തിലെ 6ാം വാർഡിലാണ് എം സി എഫ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ വാർഡ് തലത്തിൽ മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടില്ല.

എംസിഎഫുകളിൽ ബെയിലിംഗ് മെഷിൻ സ്ഥാപിക്കൽ, ഫയർ എക്സ്റ്റിൻഗ്വിഷറുകൾ സ്ഥാപിക്കുക, ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഒരുക്കുക, വസ്ത്രം മാറുന്നതിനുള്ള സൗകര്യം, കുടിവെള്ളം തുടങ്ങിയവയെല്ലാം മാർഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്. ഗുണമേന്മയുള്ള വയറിംഗ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

26.9.23 ന് എംസിഎഫ് സ്ഥിതി ചെയ്യുന്ന വാർഡിൽ പരിശോധന നടത്തുകയുണ്ടായി. റോഡ് സൗകര്യം ഉള്ള പ്രദേശത്താണ് എംസിഎഫ് സ്ഥാപിച്ചിട്ടുള്ളത്. എംസിഎഫിന് ചുറ്റുമതിൽ ഇല്ല. മാലിന്യങ്ങൾ തരം തിരിക്കുന്നതിന് എംസിഎഫിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. നിലവിൽ എംസിഎഫിൽ വെയിംഗ് മെഷിൻ മാത്രമെ ഉള്ളൂ. കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല.

ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വസ്ത്രം മാറാനം സാനിറ്റേഷൻ ആവശ്യങ്ങൾക്കുമുള്ള സൗകര്യങ്ങൾ ആവശ്യത്തിനില്ല. വെന്റിലേഷൻ സൗകര്യം എംസിഎഫിൽ ഇല്ല. പുതിയതായി ജോലിക്കു ചേർന്ന ഹരിതകർമ്മസേനാ പ്രവർത്തകർ ഒഴികെയുള്ളവർക്ക് ഗ്ലൗസ് മാസ്ക്, ബൂട്ട് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എംസിഎഫിന് സമീപമായി സ്വാപ്പ് ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്.

2) 2022-23 വർഷത്തിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 331 C5/2019 SM തി. 17.3.20 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകാനം പരിശീലനത്തിനം 1.4.22 മുതൽ 31.3.23 വരെ 26,704 രൂപ പ്രതിമാസ നിരക്കിൽ ഹരിതസഹായ സ്ഥാപനമായ സോഷ്യാ ഇക്കണോമിക് യൂനിറ്റ് ഫൗണ്ടേഷൻ മലപ്പുറത്തിന് ആകെ 3,20,448 രൂപ നൽകിയിട്ടുണ്ട്.

SEUFന്റെ 2023 ഫെബ്രുവരി മാസത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരമുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| ഹരിതകർമ്മസേനയ്ക്ക് തന്മാസം ലഭിച്ച യൂസർ ഫീ | 138600 രൂപ |
| തൻമാസം സന്ദർശിച്ച വീടുകളുടെ എണ്ണം | 2772(86%) |
| തൻമാസം കടകളിൽ നിന്നും ലഭിച്ച യൂസർ ഫീ | 13100(71%) |
| തനത് മാസം സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിവസങ്ങൾ | 127 |
| തനത് മാസം ആകെ ശേഖരിച്ച അജൈവ പാഴ്വസ്തുക്കളുടെ അളവ് | 30825 കിലോ |
| തൻമാസം കൈയ്യൊഴിയപ്പെട്ട പുനരുപയോഗയോഗ്യമല്ലാത്ത പാഴ് വസ്തുക്കളുടെ അളവ് | 209668 കിലോ |
| ഇതുവരെയായി ആകെ കൈയ്യൊഴിയപ്പെട്ട പുനരുപയോഗയോഗ്യമല്ലാത്ത പാഴ്വസ്തുക്കളുടെ അളവ് കിലോയിൽ | 40700 |
| തൻമാസം വിൽപ്പന നടത്തിയ പാഴ് വസ്തുക്കൾ | 84 കിലോ |
| ഇതുവരെയായി ആകെ വിൽപ്പന നടത്തിയ പാഴ് വസ്തുക്കളുടെ അളവ് കിലോയിൽ | 26587 കിലോ |
| ഇതുവരെയായി പാഴ് വസ്തു വിൽപ്പനയിൽ ലഭിച്ച ആകെ വരുമാനം | 445261 രൂപ |
| ഇതുവരെയായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനമിനത്തിൽ വിതരണം ചെയ്ത തുക | 154500 രൂപ |

3) റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോയതിന് ഗ്രാമ പഞ്ചായത്ത് ക്വട്ടേഷൻ നടപടിയിലൂടെ തെരഞ്ഞെടുത്ത ഇക്കോ ഗ്രീൻ കോട്ടയ്ക്കൽ എന്ന സ്ഥാപനവുമായി കിലോഗ്രാമിന് 5.20 രൂപ നിരക്കിൽ 11.8.22 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (11.8.22ലെ 3/2 പഞ്ചായത്ത് തീരുമാനം)ആയതിന് പദ്ധതി പ്രകാരം ഓഡിറ്റ് വർഷം 8,35,351 രൂപ ചെലവ് ചെയ്തിട്ടുണ്ട്. സ്ക്രാപ്പ് വിൽപ്പന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

4) ഹരിതകർമ്മസേനാ സംരംഭകർക്ക് കൃത്യമായ യൂസർഫീസ് ലഭിക്കുന്നതിന് വേണ്ട സൗകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. നിലവിൽ വീടുകളിൽ നിന്നും 86% യൂസർ ഫീസ് ലഭ്യമാകുന്നുണ്ടെന്ന് SEUF മലപ്പുറത്തിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതിനായി പ്രദേശത്തെ വീടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വയ്ക്കേണ്ടതാണ്. എന്നാൽ അപ്രകാരം ഒരു കരാർ വച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമായില്ല.

5) ഹരിത കണ്ടസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സ്ക്യൂട്ടിവ് ഡയറക്ടറുടെ 23.4.18ലെ10394/D-2027/KSHO വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

6)ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി എം സിഎഫ് സ്ഥാപിക്കുന്നതിന് വാർഡിൽ ശ്രീ അബ്ദുള്ള പുലാവഴി എന്നയാളുടെ കെട്ടിടമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. (കെട്ടിട നമ്പർ 6/270 A,B) ഇരു റൂമുകൾക്കും കൂടി ഒരു മാസം കറണ്ടുചാർജിനു പുറമെ 16,000രൂപ വാടക നിശ്ചയിക്കുകയും 2/22-23 തി. 22.6.22 പ്രകാരം കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം 1,92,000 രൂപ വാടകയിനത്തിൽ നൽകിയ്ട്ടുണ്ട്.അസി. എഞ്ചിനീയർ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

7) ഗ്രാമ പഞ്ചായത്തിന് വീടുകളിൽ നിന്നും മാലിന്യങ്ങൾ എംസിഎഫിൽ എത്തിക്കുന്നതിന് സ്വന്തമായി വാഹനം ഇല്ല.വിവിധ വാർഡുകളിൽ നിന്നും ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ ഹതിതകർമ്മസേനാംഗമായ ശ്രീ സക്കീർ ഹുസൈന്റെ ഉടമസ്ഥതയിലുള്ള KL53Q8823 നമ്പർ വാഹനത്തിലാണ് എം സി എഫിൽ എത്തിക്കുന്നത്.വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) സ.ഉ(സാധാ) നം 2341/2022/LSGD തി. 26.9.22 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാരാബേജ് മോണിറ്ററിംഗ് സിസ്റ്റം തയ്യാറാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 1,26,720 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ 90% വീടുകളിലും സ്ഥാപനങ്ങളിലും QR കോഡ് പതിക്കുകയും വിവരശേഖരണം നടത്തുകയും ഓൺലൈൻ സബ്സ്ക്രിപ്ഷൻ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ആയതിന്റെ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

9) മാലിന്യ നിർമ്മാർജന ബോധവൽക്കരണത്തിനായി ഗ്രാമ പഞ്ചായത്തിലെ മുഴവൻ വീടുകളിലും ലഘുലേഖ വിതരണം ചെയ്യുകയും

വാർഡടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ തയ്യാറാക്കി ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. എല്ലാ ഗ്രാമ സഭകളിലും അജൈവ പാഴ് വസ്തു പരിപാലനം അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

10) കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്ട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ 4 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ കുറവാണ്. കാര്യക്ഷമമായ ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നില്ല.

രജിസ്റ്ററുകൾ / രേഖകൾ എന്നിവയുടെ സൂക്ഷിപ്പ്

1)രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ,എല്ലാ വാർഡുകളിലെയും കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2)കാഷ് ബുക്കിൽ മാസാന്ത്യ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

3)മിനുട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4)ഓരോ വാർഡിൽ നിന്നും എത്തുന്ന മാലിന്യങ്ങൾ തരംതിരിച്ച് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ 23.8.23 മുതലുള്ളതാണ് ഹാജരാക്കിയത്. സ്റ്റോക്ക് രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.സ്ക്രാപ്പ് സ്റ്റോക്ക് രജിസ്റ്റർ സംഗ്രഹം രേഖപ്പെടുത്തുകയും സാക്ഷ്യപ്പെട്ത്തതുകയും ചെയ്തിട്ടില്ല.

5)ബാങ്ക് പാസ്ബുക്ക്പരിശോധനയ്ക്ക് ഹാജരാക്കി.

6)വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

7)അസി. സെക്രട്ടറി , വിഇഒ എന്നീ നിർവഹണ ഉദ്യോഗസ്ഥരാണ് ഹരിതകർമ്മസേന സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത്. പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കി. ഫയലുകൾ ക്രമമായി അടുക്കി സൂക്ഷിക്കുന്നുണ്ട്.

ശുപാർശകൾ

1 ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് എംസിഎഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. പ്ലാന്റിന്റെ തുടർ പരിപാലനം ഉറപ്പു വരുത്തുക. ജനസംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ മിനി എംസിഎഫുകൾ സ്ഥാപിക്കുക. സ്വന്തമായി എംസിഎഫ് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക

2 ഹരിതകർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് മാർഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർഫീസും മാലിന്യങ്ങൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയും ആണ് വരുമാനം. മാർഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

4) സ.ഉ (സാധാ) നം 1496/2020/തസ്വഭവ തി.12.8.20 പ്രകാരം മാലിന്യശേഖരണത്തിന് നിശ്ചിത വലിപ്പത്തിലുള്ള ചാക്ക്/സഞ്ചി പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

3) ചിക്കൻ സ്റ്റാളുകൾ,അറവുശാലകൾ എന്നിവയിൽനിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016, പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016,ഇ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്സ് 2016 എന്നിവ പാലിക്കുകയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5) പുതുതായി ജോലിയിൽ പ്രവേശിച്ച ഹരിതകർമ്മസേനാംഘങ്ങൾക്ക് മാസ്ക്,ഗ്ലൗസ്,ഗൺബൂട്ട് എന്നിവ വിതരണം ചെയ്യുക. ഹരിതകർമ്മസേനാംഗങ്ങൾക്കിടയിലുള്ള കൊഴിഞ്ഞുപോക്ക് നിരുത്സാഹപ്പെടുത്തുക. സ.ഉ (സാധാ) നം 1292/2021/തസ്വഭവ തി. 8.7.21 പ്രകാരം ഹരിതകർമ്മസേനാംഗങ്ങളെ സ്വയമെ താൽപ്പര്യമില്ലാത്ത പക്ഷം ജോലിയിൽ നിന്നും പിരിച്ചുവിടുന്നത് തടഞ്ഞിട്ടുണ്ട്.

6) ഹരിതകർമ്മസേനക്കാവശ്യമായ ഉപകരണങ്ങൾ നൽകുക, ഓഫീസ് റൂം സജ്ജീകരിക്കുകയും ചെയ്യുക. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

7)ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക

8) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുകയും സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുക

9) മാലിന്യങ്ങൾ പൊതു സ്ഥലത്ത് അലക്ഷ്യമായി വലിച്ചെറിയുക.മലിന ജലം പൊതു സ്ഥലത്തേക്ക ഒഴുക്കിവിടുക,പരിസരമലിനീകരണം നടത്തുക, ഹരിതകർമ്മസേനയുടെ നിർദേശം അനുസരിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന വ്യക്തികൾ, വീടുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുക.

9) ജനങ്ങളിൽ മാലിന്യ സംസ്കരണത്തിൽ വേണ്ടത്ര അവബോധം സൃഷ്ടിച്ച് അവരെ മാലിന്യ നിർമമാർജന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക.

10)ഹരിതസേനയുടെ പ്രവർത്തനം, മാലിന്യനിർമ്മാർജനം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുക. ശുചിത്വ മാലിന്യ നിർമ്മാർജന പദ്ധതികളുടെ ഏകോപനവും റിപ്പോർട്ടിങ്ങും കാര്യക്ഷമമാക്കുക.

11)കടകമ്പോളങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴിവാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക

12) ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുക.

13) ഹരിത കർമ്മസേനകളുടെ പ്രവർത്തനം കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുക. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

കാര്യക്ഷമമാക്കുക. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ആവശ്യമായ നിർദേശങ്ങൾ നൽകുക. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുക.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 11 /26.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

## 1-29 മഴവെള്ള സംഭരണി നിർമ്മാണം-അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് : GLPS ചൊവ്വാണ സ്കൂളിൽ മഴവെള്ള സംഭരണി നിർമ്മാണം

നം : S0094/2023

അടങ്കൽ : 3,91,800 (CFC )

വൗച്ചർ നം. 22200627/28-11-2022 : 1,81,448 (+ GST : 12,540)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം മഴവെള്ള സംഭരണിക്കായി ഒരു ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മിക്കുന്നതിന് IRTC Project Implementation Unit, മുണ്ടൂരിന്റെ ഇൻവോയ്സ് നം. B2B-1/19-10-2022 : 7,02,188.97 പ്രകാരം 2020-21 വർഷത്തിൽ 5,08,200 രൂപയും ഓഡിറ്റ് വർഷം 1,93,988രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന് തുക നൽകിയപ്പോൾ ആകെ മൂല്യ നിർണ്ണയത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട IT(2%) , KCWWF (1%) ഇനത്തിൽ കുറവുകൾ വരുത്തിയിട്ടില്ല.

2. Name Boardന് 5,000 രൂപയും, 1 HP മോട്ടോറിന് 14,000രൂപയും, മാനേജ്മെന്റ് ചാർജ് ഇനത്തിൽ (8%) 46,441.07 രൂപയും IRTC, മുണ്ടൂരിന് നൽകിയിട്ടുണ്ട്. പ്രസ്തുത നിരക്കുകൾക്ക് നൽകുന്നതിന് ആധാരമാക്കിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ആയതിന്റെ ചെലവ് തുക 65,441.07 രൂപ തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം. 17/27-09-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമായില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രവൃത്തികൾക്കായി KSEB പുഴക്കാട്ടിരിക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക |
|---|---|---|---|
| 1 | 22200153/23-06-2022 | ALP സ്കൂളിന് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 13,707 |
| 2 | 22200152/23-06-2022 | ചുള്ളിക്കാട് മൈലാടിക്ക് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 25,534 |
| 3 | 22200457/23-09-2022 | മുളയത്ത് കുളമ്പ് റോഡിന്റെ സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 13,252 |
| 4 | 22200794/18-01-2023 | നെല്ലിശ്ശേരി കുളമ്പ് റോഡിന്റെ സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 6,000 |

| | | | |
|---|---|---|---|
| | | ആകെ | 58493 |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 58,493 രൂപ തടസ്സം ചെയ്യുന്നു. 20/27-9-23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-31 എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.കെ വിഹിതം അടവാക്കൽ

നം : S0098/2023

അടങ്കൽ - 8,00,000 (വികസന ഫണ്ട് )3

BRN : 22151152010100484695/30-08-2022 : 8,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 8,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 8,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 8,00,000 രൂപ തടസ്സം ചെയ്യുന്നു. 19/27-9-23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 595000 | സമഗ്ര നെൽകൃഷി വികസനം 33/23 | 595000 | 0 |
| | 640000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി 183/23 | 640000 | 0 |
| | 196000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ186/23 | 196000 | 0 |

| | | | | |
|---|---|---|---|---|
| | 109000 | ലൈഫ് ഭവന പദ്ധതി ജനറൽ 88/23 | 109000 | 0 |
| | 330000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി 89/23 | 330000 | 0 |
| | 1080000 | ലൈഫ് ഭവന പദ്ധതി ജനറൽ 168/23 | 1080000 | 0 |
| | 435510 | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് 181/23 | 435510 | 0 |
| | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 173/23 | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 595000 | സമഗ്ര നെൽകൃഷി വികസനം 33/23 | 595000 | 0 |
| | 960000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി 183/23 | 960000 | 0 |
| | 360000 | ലൈഫ് ഭവന പദ്ധതി ജനറൽ 88/23 | 360000 | 0 |
| | 320000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി 89/23 | 320000 | 0 |
| | 1620000 | ലൈഫ് ഭവന പദ്ധതി ജനറൽ 168/23 | 1620000 | 0 |
| | 180000 | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് 181/23 | 180000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22200153/23-06-2022 | ALP സ്കൂളിന് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 13,707 | വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | 22200152/23-06-2022 | ചുള്ളിക്കാട് മൈലാടിക്ക് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് | 25,534 | വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | മാറ്റുന്നതിന് നൽകിയ തുക | | |
| 3 | 22200457/23-09-2022 | മുളയത്ത് കുളമ്പ് റോഡിന്റെ സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 13,252 | വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാക്കിയിട്ടില്ല |
| 4 | 22200794/18-01-2023 | നെല്ലിശ്ശേരി കുളമ്പ് റോഡിന്റെ സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക | 6,000 | വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാക്കിയിട്ടില്ല |
| | | ആകെ | 58493 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | HUDCO | ലഭ്യമല്ല | 6843557 | 0 | 0 | 0 | 6843557 |
| 2 | KURDFC | ലഭ്യമല്ല | 375000 | 1782647 | 1123537 | 0 | 1034110 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| ഓഡിറ്റ് എൻക്വയറി നം 8/22-23 Dtd 27.12.22 | | 4057 | ജിതേഷ് , അസിസ്റ്റന്റ് എഞ്ചിനീയർ | 1220106127/ 28.12.2022 |
| | | 4212 | ജിതേഷ് , അസിസ്റ്റന്റ് എഞ്ചിനീയർ | 1220106128/ 28.12.2022 |
| ആകെ | | 8269 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | -ടി- |
| 2014-15 | 2016-17 | 3.ഖണ്ഡിക-2(5)ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല | -ടി- |
| 2014-15 | 2016-17 | 4.ഖണ്ഡിക-2(6)തൊഴിൽ നികുതി:പൊതു അപാകതകൾ | -ടി- |
| 2019-20 | 2020-21 | ഖണ്ഡിക-1-31 | -ടി- |
| 2019-20 | 2020-21 | ഖണ്ഡിക-1-25 | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 2005-06 | 3(10) | ശ്രീ മോഹനൻ നായർ | LF 5425/ Spl.cell/SC5/10 22.07.2011 | 21596/- | തുക അടച്ച രസീത് നം. 27923/71 | -- | -- | -- | 21596 | 0 |
| 2 | 2004-05 | 3-22 | ശ്രീമതി കുസുമം ജോസഫ് (ഹെഡ് ക്ലർക്ക്) | LF 5455/ Spl.cell/SC5/2010 3.5.12 | 393210 | | -- | -- | -- | 393210 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 149520446 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 140376933 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1638895 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25(1) | 97201 | ഡോ. നസ്റീൻ എം., ഹോമിയോ മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 1-25(2) | 49000 | ഡോ.സൈഫുദ്ദീൻ , വെറ്റിനറി സർജൻ |
| 1-21 | 568760 | ശ്രീ. ശ്രീകുമാർ പി,സെക്രട്ടറി |
| 1-29 | 65441 | ശ്രീ. ശ്രീകുമാർ പി, സെക്രട്ടറി |
| 1-30 | 58493 | ശ്രീ. ശ്രീകുമാർ പി, സെക്രട്ടറി |
| 1-31 | 800000 | ശ്രീ. ശ്രീകുമാർ പി, സെക്രട്ടറി |
| ആകെ | 1638895 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.22/659/9(2) തീയതി 16-11-2022 | 26 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | കെ.എസ്.എ.എം.പി.എം.22/2699/19(1) തീയതി 16-11-2022 | 7 |
| 2000-01 | കെ.എസ്.എ.എം.പി.എം.22/2699/9(1) തീയതി 16-11-2022 | 03 |
| 2001-02 | കെ.എസ്.എ.എം.പി.എം.22/150/2022(1) തീയതി 16-11-2022 | 4 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | കെ.എസ്.എ.എം.പി.എം.22/150/2022(2) തീയതി 16-11-2022 | 20 |
| 2003-04 | കെ.എസ്.എ.എം.പി.എം.22/1319/2022(1) തീയതി 16-11-2022 | 20 |
| 2004-05 | കെ.എസ്.എ.എം.പി.എം.22/1319/2022(2) തീയതി 16-11-2022 | 18 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | കെ.എസ്.എ.എം.പി.എം.22/150/2022(3) തീയതി 16-11-2022 | 06 |
| 2008-09 | കെ.എസ്.എ.എം.പി.എം.22/150/2022(4) തീയതി 16-11-2022 | 9 |
| 2009-10 | കെ.എസ്.എ.എം.പി.എം.22/150/2022(5) തീയതി 16-11-2022 | 05 |
| 2010-11 | കെ.എസ്.എ.എം.പി.എം.22/1319/2022(3) തീയതി 16-11-2022 | 12 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.10.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/22/1798/2018 തി.20.10.2018 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017 | 18 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017 | 18 |
| 2017-18 | കെ.എസ്.എ എം.പി.എം 22/1051/2019 01.06.2019 | 16 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.22/1283/2020 തിയ്യതി 02.11.2020 | 16 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.22/2078/2021 തിയ്യതി 05.02.2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/2502/2022 തീയതി 13-04-2023 | 14 |
| 2021-22 | കെ.എസ്.എ.എം.പി.എം.22/3098/2022 തീയതി 02-02-2023 | 22 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 26-07-2023 and submitted on 30-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Puzhakkattiri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Puzhakkattiri Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Puzhakkattiri Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
1. Ratios.
2. Comparative amounts.
2. Cashflow Statement Net increase / decrease in cashflow (11692671/-) does not match with the difference between the opening balance and closing balance of cash and cash equivalents (9143513/-).
3. Asset register is not updated.
4. Bank Reconciliation Statement is not maintained every month attested
5. Annual abstract of license, building permit/regularization, paramedical registration, tutorial registration demand registers, etc. have not been prepared and certified, so it has not been possible to check whether the demand, collection and balance are consistent with the annual financial statement.
6. Proffessional tax Employee Tax Demand Register does not match the annual financial statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്